(ബി) കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ ത്രിഫ്റ്റ്/ഷെയർ/ഗ്രാറ്റുവിറ്റി തുടങ്ങിയവ നൽകുന്നത് സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിരുന്ന ഉത്തരവുകൾ റദ്ദ് ചെയ്തിട്ടില്ല. എന്നാൽ ചില നിബന്ധനകൾകൂടി ഉൾപ്പെടുത്തി 19-11-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1449/11/വ്യവ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

കയർ ഡീഫൈബറിംഗ് മില്ലുകൾ

217 (7188) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കയർ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തിക്കുന്നു ; ഇതിൽ എത്ര എണ്ണം സഹകരണ മേഖലയിലും പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ഡീഫൈബറിംഗ് മില്ലും 2013-14 വർഷത്തിൽ എത്ര തൊണ്ട് സംഭരിച്ചുവെന്നും എത്ര ടൺ ചകിരി ഉല്പാദിപ്പിച്ചുവെന്നും യൂണിറ്റ്ടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 65 കയർ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തിക്കുന്നു. ഇതിൽ 19 എണ്ണം സഹകരണ മേഖലയിലും (കയർഫെഡിന്റെ 4 എണ്ണം ഉൾപ്പെടെ) സ്വകാര്യമേഖലയിൽ 46 എണ്ണവും പ്രവർത്തിക്കുന്നു.

(ബി) ഓരോ ഡീഫൈബറിംഗ് മില്ലും 2013-14 വർഷത്തിൽ സംഭരിച്ച തൊണ്ടിന്റെ വിവരങ്ങളും ഉൽപ്പാദിപ്പിച്ച ചകിരിയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി

218 (7189) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കമ്മിറ്റി എന്ന് നിലവിൽവന്നു എന്നറിയിക്കാമോ ;

(ബി) പ്രസ്തുത കമ്മിറ്റി കയർവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) കയർവില ഉല്പാദനച്ചെലവ് അനുസരിച്ച് പുതുക്കി നൽകിയോ എന്നറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 11-1-2010-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രസ്തുത സമിതി നിലവിൽ വന്നത്.

(ബി&സി) കാലാകാലങ്ങളിൽ കമ്മിറ്റി കൂടുകയും ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ കയർവില പുതുക്കി നിശ്ചയിക്കുകയും ചെയ്യാറുണ്ട്. ഏറ്റവും ഒടുവിൽ 2-1-2014-ന് കൂടിയ കമ്മിറ്റിയിൽ വൈക്കം കയറിന്റെ 180 റണ്ണേജുള്ള കയറിന് 41 രൂപയായി വാങ്ങൽവില വർദ്ധിപ്പിച്ചു. അതേ ക്രമത്തിൽ മറ്റ് റണ്ണേജിലെ കയറിനും കിന്റലിന് 200 രൂപയുടെ വർദ്ധനവ് അനുവദിച്ചു.

കയർ സഹകരണ മേഖലയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

219 (7180) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കയർ സഹകരണ മേഖലയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(ബി) ഇവരുടെ പ്രതിമാസ വേതന വർദ്ധനവ് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) വേതന വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സ.ഉ.(കൈ) നമ്പർ.139/2012/വ്യവ തീയതി, 23-11-2012 പ്രകാരം കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന സേവന-വേതന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ് :

• ലാഭത്തിലോ നഷ്ടത്തിലോ പ്രവർത്തിക്കുന്ന സംഘങ്ങൾ എന്ന വേർതിരിവില്ലാതെയാണ് സേവന-വേതന വ്യവസ്ഥ പരിഷ്ക്കരിച്ചത്.

• കയർ മേഖലയിലെ എല്ലാ കാറ്റഗറിയിലേയും സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly